പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4803 27/06/2014-ൽ മറുപടിയ്ക്ക്

# കുരുമുളക് കൃഷി പുനരുദ്ധരിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>'' റ്റി.യു. കുരുവിള<br>'' മോൻസ് ജോസഫ്<br>'' തോമസ് ഉണ്ണിയാടൻ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കുരുമുളക് കൃഷി നശിച്ചുപോകാൻ ഇടയാക്കിയ സാഹചര്യങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) കുരുമുളക് കൃഷി പുനരുദ്ധരിക്കാൻ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) സുഗന്ധവിള വികസന പദ്ധതി പ്രകാരം കുരുമുളക് കൃഷിയുടെ പുനരുദ്ധാരണത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ 2012-13 മുതൽ നടപ്പിലാക്കിവരുന്നു. നല്ലയിനം കുരുമുളക് വള്ളികളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് കുരുമുളക് നഴ്സറികൾ സ്ഥാപിക്കുക. നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണം, കുരുമുളക് സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക. പുതിയ കുരുമുളക് തോട്ടങ്ങൾ സ്ഥാപിക്കുക എന്നിവയാണ് പദ്ധതിയുടെ വിവിധ ഘടകങ്ങൾ. ഇതിനായി 2014-15 വർഷത്തിൽ 1146.5 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.<br>കൂടാതെ വയനാട് ജില്ലയിൽ വയനാട് പാക്കേജ് പദ്ധതിയിൻ കീഴിൽ 700 ലക്ഷം രൂപയുടെ കുരുമുളക് പുനരുദ്ധാരണ പദ്ധതി 2014-15 വർഷത്തിൽ നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു. ജൈവ കുരുമുളക് കൃഷിയ്ക്ക് ധനസഹായം, കുരുമുളക് നഴ്സറികൾ സ്ഥാപിക്കുക, താങ്ങുമരങ്ങൾ വച്ചു പിടിപ്പിക്കുക. കുരുമുളകിന്റെ ദ്രുതവാട്ട രോഗം തടയുന്നതിനുള്ള മാനേജ്മെന്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായാണ് തുക നീക്കി വച്ചിട്ടുള്ളത്.<br>ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രായം ചെന്നതും ഉത്പാദനക്ഷമത കുറഞ്ഞതുമായ കുരുമുളക് തോട്ടങ്ങൾ പുനരുദ്ധരിക്കുന്നതിന് ഹെക്ടർ ഒന്നിന് മൊത്തം ചെലവായ 40,000/- രൂപയുടെ 50 ശതമാനമായ 20,000/- |

രൂപ ധനസഹായമായി നൽകുന്നു. ഒരു കർഷകന് പരമാവധി 2 ഹെക്ടർ സ്ഥലത്തേയ്ക്കാണ് ധനസഹായം നൽകുന്നത്. 2014-15 സാമ്പത്തിക വർഷം ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 250 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ